സുഖത്തിലും ദുഃഖത്തിലും സ്വന്തം വ്യക്തിതാൽപര്യങ്ങൾക്കും ക്ഷണിക നേട്ടങ്ങൾക്കുമുപരി അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയും ഹൃദയത്തിൽ ദൈവഭയം സൂക്ഷിച്ചുകൊണ്ട് കർമ ജീവിതത്തിൽ ദൈവിക നിയമങ്ങൾ പാലിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസം സാക്ഷാത്കരിക്കുന്നവർ. അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള കലവറയില്ലാത്ത വിധേയത്വം സത്യസന്ധമായ ഈമാനിന്റെ വിജയകരമായ സാക്ഷാത്കാരത്തിന് അനിവാര്യമായ ഉപാധിയാകുന്നു.



إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ
أَنْ يَقُولُوا سَمِعْنَا وَأَطَعْنَا ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٥١﴾

**51.** വ്യവഹാരങ്ങളിൽ വിധികൽപിക്കാൻ അല്ലാഹുവിലേക്കും ദൂതനിലേക്കും ക്ഷണിക്കപ്പെടുമ്പോൾ യഥാർഥ വിശ്വാസികളുടെ പ്രതികരണം ഞങ്ങൾ കേട്ടു, അനുസരിച്ചു എന്നു പറയുക തന്നെയായിരിക്കും. അവരാകുന്നു വിശ്വാസം സാക്ഷാത്കരിക്കുന്നവർ.

**51**

إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ = സത്യവിശ്വാസികളുടെ വാക്ക് മാത്രമായിരിക്കും (യഥാർഥ വിശ്വാസികളുടെ പ്രതികരണം ആയിരിക്കും)
إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ = അവർ അല്ലാഹുവിങ്കലേക്കും അവന്റെ ദൂതങ്കലേക്കും ക്ഷണിക്കപ്പെട്ടാൽ
لِيَحْكُمَ بَيْنَهُمْ = അവർക്കിടയിൽ(ലെ വ്യവഹാരങ്ങളിൽ) വിധികൽപിക്കാൻ
أَنْ يَقُولُوا = അവർ പറയുക എന്നതുതന്നെ
سَمِعْنَا وَأَطَعْنَا = ഞങ്ങൾ കേട്ടു, അനുസരിച്ചു (എന്ന്)
وَأُولَٰئِكَ هُمُ = അവരാകുന്നു
الْمُفْلِحُونَ = വിജയിക്കുന്നവർ (വിശ്വാസത്തെ സാക്ഷാത്കരിക്കുന്നവർ)

വ്യവഹാരങ്ങളിൽ തീർപ്പുകൽപിക്കാൻ അല്ലാഹുവിലേക്കും റസൂലിലേക്കും ക്ഷണിക്കപ്പെടുന്ന സത്യസന്ധരായ മുസ്‌ലിംകളുടെ പ്രതികരണം എന്തായിരിക്കുമെന്ന് വ്യക്തമാക്കുകയാണ്. 'ഞങ്ങൾ കേട്ടു, അനുസരിച്ചു' എന്നു പറഞ്ഞുകൊണ്ട് അവർ ആ ക്ഷണം സശിരകമ്പം സ്വീകരിക്കുന്നു. സങ്കുചിതമായ താൽപര്യങ്ങളെയോ വ്യക്തിപരമായ നഷ്ടങ്ങളെയോ സംബന്ധിച്ച ചിന്ത അവരെ ഒട്ടും പിന്തിരിപ്പിക്കുന്നില്ല. അല്ലാഹുവിങ്കൽനിന്നും റസൂലിൽനിന്നും ലഭിക്കുന്ന വിധിയാണ് തങ്ങളുടെ ഇഹപര താൽപര്യങ്ങൾ യഥാർഥത്തിൽ സംരക്ഷിക്കുക എന്ന ഉറച്ച വിശ്വാസമാണവരെ നയിക്കുന്നത്. കപടന്മാരെ പോലെ രണ്ടു തോണിയിൽ കാലിട്ടു സഞ്ചരിക്കുന്നതിന്റെ അപകടം അവർക്കു നന്നായറിയാം.

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ

(അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം വിധിച്ചുകഴിഞ്ഞാൽ പിന്നെ അക്കാര്യത്തിൽ സ്വന്തമായ തീരുമാനമെടുക്കാൻ വിശ്വാസിക്കും വിശ്വാസിനിക്കും അവകാശമില്ലാത്തതാകുന്നു–33:36). ■

---

وَمَنْ يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِ فَأُولَٰئِكَ هُمُ الْفَائِزُونَ
﴿٥٢﴾

**52.** അല്ലാഹുവിനെയും ദൂതനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടും അവന്റെ വിധിവിലക്കുകൾ ലംഘിക്കാതിരിക്കാൻ ജാഗ്രത പാലിച്ചും വാഴുന്നവരാരോ, അവർ തന്നെയാകുന്നു വിജയം പ്രാപിക്കുന്നവർ.

52

وَمَنْ يُطِعِ اللَّهَ وَرَسُولَهُ = അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവൻ
وَيَخْشَ اللَّهَ = അല്ലാഹുവിനെ ഭയപ്പെടുന്നവനും
وَيَتَّقْهِ = അവനെ(ന്റെ വിധിവിലക്കുകൾ ലംഘിക്കാതിരിക്കാൻ) ജാഗ്രത പാലിക്കുന്നവരും
فَأُولَٰئِكَ هُمُ = അവർ തന്നെയാകുന്നു الْفَائِزُونَ = വിജയം പ്രാപിക്കുന്നവർ

മൂലത്തിലെ خشية അല്ലാഹുവിനോടുള്ള ഭയഭക്തിയെയും تقوى ദൈവിക നിയമങ്ങളോടുള്ള പ്രതിബദ്ധതയെയും പ്രതിനിധീകരിക്കുന്നു. ആദ്യത്തേത് വിശ്വാസിയുടെ മാനസികാവസ്ഥയോടും രണ്ടാമത്തേത് കർമജീവിതവുമായും ബന്ധപ്പെട്ടിരിക്കുന്നു. വചന താൽപര്യമിതാണ്: സുഖത്തിലും ദുഃഖത്തിലും സ്വന്തം വ്യക്തിതാൽപര്യങ്ങൾക്കും ക്ഷണിക നേട്ടങ്ങൾക്കുമുപരി അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയും ഹൃദയത്തിൽ ദൈവഭയം സൂക്ഷിച്ചുകൊണ്ട് കർമ ജീവിതത്തിൽ ദൈവിക നിയമങ്ങൾ പാലിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസം സാക്ഷാത്കരിക്കുന്നവർ. അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള കലവറയില്ലാത്ത വിധേയത്വം സത്യസന്ധമായ ഈമാനിന്റെ വിജയകരമായ സാക്ഷാത്കാരത്തിന് അനിവാര്യമായ ഉപാധിയാകുന്നു. കേവലമായ അനുസരണവും മതിയാവില്ല. അനുസരിക്കുന്നത് അല്ലാഹുവിലുള്ള ഭയഭക്തിയുടെയും തഖ്‌വയുടെയും അടിസ്ഥാനത്തിലായിരിക്കുകയും വേണം. അങ്ങനെ അനുസരിക്കുന്നവരാണ് വിശ്വാസത്തിന്റെ ലക്ഷ്യം പ്രാപിക്കുന്നവർ - فَأُولَٰئِكَ هُمُ الْفَائِزُونَ . സ്വന്തം താൽപര്യങ്ങൾക്കും അഭിനിവേശങ്ങൾക്കും വിഘ്നം തട്ടാത്തിടത്തോളം മാത്രം അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നവരിൽ അല്ലാഹുവിനും റസൂലിനും ഒരു താൽപര്യവുമില്ല. ■

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِنْ أَمَرْتَهُمْ لَيَخْرُجُنَّ ۖ قُلْ لَا تُقْسِمُوا ۖ طَاعَةٌ مَعْرُوفَةٌ ۚ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ ﴿٥٣﴾

53. അങ്ങു കൽപിച്ചാൽ ഞങ്ങൾ തീർച്ചയായും പുറപ്പെട്ടുകൊള്ളാമെന്ന് അവർ അല്ലാഹുവിന്റെ പേരിൽ ആണയിട്ടുറപ്പിച്ചു പ്രതിജ്ഞ ചെയ്യുന്നുണ്ടല്ലോ. നീ അവരോടു പറയുക: സത്യമൊന്നും ചെയ്യേണ്ട. നിങ്ങളുടെ അനുസരണത്തിന്റെ ഗതി സുപരിചിതമാണല്ലോ. എന്നാൽ ഓർത്തിരിക്കുവിൻ! നിങ്ങൾ ചെയ്യുന്നതിനെക്കുറിച്ചൊക്കെയും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്.

53

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ = അവർ (ചിലർ) അല്ലാഹുവിന്റെ പേരിൽ ആണയിട്ടുറപ്പിച്ചു പ്രതിജ്ഞ ചെയ്യുന്നുണ്ടല്ലോ
لَئِنْ أَمَرْتَهُمْ = താൻ അവരോട് കൽപിക്കുകയാണെങ്കിൽ لَيَخْرُجُنَّ = തീർച്ചയായും അവർ പുറപ്പെടും എന്ന്
قُلْ = (പ്രവാചകൻ) പറയുക لَا تُقْسِمُوا = നിങ്ങൾ സത്യം ചെയ്യേണ്ടതില്ല
طَاعَةٌ = (നിങ്ങളുടെ) അനുസരണം(ണത്തിന്റെ ഗതി) مَعْرُوفَةٌ = അറിയപ്പെട്ടത് (പരിചിതം) ആകുന്നു
إِنَّ اللَّهَ خَبِيرٌ = (എന്നാൽ ഓർത്തിരിക്കുക) അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്
بِمَا تَعْمَلُونَ = നിങ്ങൾ ചെയ്യുന്നതിനെക്കുറിച്ചൊക്കെയും

അനുസരണവും വിധേയത്വവും- السمع والطّاعة -പ്രതിജ്ഞ ചെയ്ത ശേഷം റസൂലിന്റെ കോടതിയിൽനിന്ന് ഒഴിഞ്ഞുമാറുന്ന കപട വിശ്വാസികൾ അതേ പോലെ ജിഹാദിൽനിന്നും ഒഴിഞ്ഞുമാറുന്നു. അങ്ങ് ഏതു ജിഹാദിനു കൽപിച്ചാലും ദൈവത്താണ, ഞങ്ങളുടെ ജീവനും ധനവുമായി ഞങ്ങൾ അതിന്റെ മുന്നണിയിലുണ്ടാകുമെന്ന് അവർ വീമ്പിളക്കിക്കൊണ്ടിരിക്കും. തങ്ങൾ യഥാർഥ മുഅ്മിനുകളും മുസ്‌ലിംകളും തന്നെയാണെന്ന് സമൂഹത്തെയും അതിന്റെ നേതൃത്വത്തെയും തെറ്റിദ്ധരിപ്പിക്കാനാണ് അവരതുവഴി ശ്രമിക്കുന്നത്. ജിഹാദിനിറങ്ങേണ്ട സന്ദർഭം വരുമ്പോൾ ആ വഴിക്കൊന്നും അവരെ കാണില്ല. അത്തരം വ്യാജ വാഗ്ദാനക്കാരോട് പ്രതികരിക്കേണ്ടതിങ്ങനെയാണ്: ഏറെ സത്യം ചെയ്യുകയൊന്നും വേണ്ട. നിങ്ങളുടെ പ്രതിജ്ഞ പ്രവൃത്തിയായി പരിണമിക്കാൻ പോകുന്നില്ലെന്ന് ഞങ്ങൾക്ക് നന്നായിട്ടറിയാം. വേണ്ടത് അല്ലാഹുവിനോടും റസൂലിനോടുമുള്ള വി

ധേയത്വമാണ്. അല്ലാതെ അതേപ്പറ്റിയുള്ള പൊള്ളയായ വാഗ്ദാനങ്ങളും പ്രതിജ്ഞകളുമല്ല. നിങ്ങൾ നിരന്തരം അനുവർത്തിച്ചുവരുന്ന കുത്സിത ചെയ്തികൾക്ക് ഇത്തരം കള്ളസത്യം കൊണ്ട് എത്രകാലം പർദയിടാൻ കഴിയും?! ബഡായികളും ഭള്ളുകളും കൊണ്ട് ജനങ്ങളെ വഞ്ചിക്കാൻ കഴിഞ്ഞേക്കും. എന്നാൽ പരസ്യവും പരോക്ഷവുമായ കാര്യങ്ങൾ സൂക്ഷ്മമായി അറിയുന്ന അല്ലാഹുവിനെ അതുകൊണ്ടൊന്നും പറ്റിക്കാമെന്ന് വ്യാമോഹിക്കേണ്ട - إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ.

മൂലത്തിലെ وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ 'അല്ലാഹുവിനെ സാക്ഷിയാക്കി ദൃഢപ്രതിജ്ഞ ചെയ്തു' എന്ന അർഥത്തിലുള്ള ഒരു പ്രയോഗമാണ്. സൂറഃ *അൽ മാഇദ* 53-ാം സൂക്തത്തിലും *അൽ അൻആം* 109-ാം സൂക്തത്തിലും ഈ പ്രയോഗം വന്നിട്ടുണ്ട്. പ്രസ്തുത സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* അതിന്റെ അർഥം വ്യക്തമാക്കിയിരിക്കുന്നു. لَيَخْرُجُنَّ -ക്ക് 'അവർ തീർച്ചയായും പുറപ്പെടുമെന്ന്' എന്നും 'പുറപ്പെടുവിക്കുമെന്ന്' എന്നും അർഥമാക്കാവുന്നതാണ്. പണ്ഡിതന്മാർ രണ്ടർഥത്തിലും ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നു. ഒരു കൂട്ടരുടെ അഭിപ്രായത്തിൽ, തങ്ങൾ നാടും വീടും സമ്പത്തുമെല്ലാം ഉപേക്ഷിച്ച് ദീനിനു വേണ്ടി ഇറങ്ങിത്തിരിക്കാം എന്നാണ് കപടന്മാർ പ്രതിജ്ഞ ചെയ്യുന്നത്. മറ്റു ചിലരുടെ വീക്ഷണത്തിൽ, പ്രവാചകൻ ഏതു ജിഹാദീ യാത്രക്ക് ആഹ്വാനം ചെയ്താലും തങ്ങൾ മുൻപന്തിയിലുണ്ടാകും എന്നാണുദ്ദേശ്യം. അല്ലാഹുവും റസൂലും തങ്ങളുടെ സമ്പത്തിൽനിന്ന് എത്ര കൂടിയ അളവിൽ ആവശ്യപ്പെട്ടാലും തങ്ങളത് നിസ്സങ്കോചം നൽകുമെന്നാണു പറയുന്നതെന്നാണ് മറ്റൊരു വ്യാഖ്യാനം. മൂലവാക്ക് ഈ വ്യാഖ്യാനങ്ങളെയെല്ലാം സാധൂകരിക്കുന്നുണ്ട്. മൂന്നു വ്യാഖ്യാനത്തിന്റെയും സാരാംശം ഒന്നു തന്നെയാണ്. ഏതെങ്കിലും ഒന്നിനു മുൻഗണന നൽകുകയാണെങ്കിൽ, 'ജിഹാദിന് ആഹ്വാനം ചെയ്യപ്പെട്ടാൽ നിസ്സങ്കോചം അതിന് ഇറങ്ങിത്തിരിച്ചുകൊള്ളാം' എന്ന വ്യാഖ്യാനമാണ് കൂടുതൽ ഉചിതമായത്.

طَاعَةٌ مَعْرُوفَةٌ എന്ന വാക്യവും പല രീതിയിൽ തർജമ ചെയ്യാവുന്നതാണ്. طَاعَةٌ -നെ ആഖ്യയും مَعْرُوفَةٌ -നെ ആഖ്യാതവുമായി സങ്കൽപിച്ചുകൊണ്ടുള്ളതാണ് ഒന്ന്. അനുസരിക്കുക എന്നത് നന്മ-മാന്യമായത് ആകുന്നു. അതായത് പൊള്ളയായ വാഗ്ദാനങ്ങളല്ല വേണ്ടത്. പ്രത്യുത, ജീവിത വ്യവഹാരങ്ങളിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധികൾ മാന്യമായി അനുസരിക്കുകയാണ്. 'നിങ്ങളുടെ അനുസരണം അറിയപ്പെട്ടതാകുന്നു' എന്നാണ് മറ്റൊരു തർജമ. ഇത് ഒരു പരിഹാസോക്തിയാണ്. അതായത് മതി, നിങ്ങളിനിയും സത്യം ചെയ്യേണ്ട. നിങ്ങൾ പ്രതിജ്ഞ ചെയ്യുന്ന അനുസരണത്തിന്റെ കോലം എന്തായിരിക്കുമെന്നത് വളരെക്കാലമായി ഞങ്ങൾ പരിചയിച്ചുവരുന്നതാണല്ലോ. അനുക്തമായ ആഖ്യയുടെ ആഖ്യാതമായും അനുക്തമായ ആഖ്യാതത്തിന്റെ ആഖ്യയുമായൊക്കെ സങ്കൽപ്പിച്ചുകൊണ്ട് طَاعَةٌ مَعْرُوفَةٌ -നെ തർജമ ചെയ്യാവുന്നതാണ്. എങ്ങനെ സങ്കൽപിച്ചാലും കാതലായ ആശയം മുകളിൽ പറഞ്ഞ രണ്ടിലൊന്നേ ആകൂ. ■

قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ ۖ فَإِن تَوَلَّوْا فَإِنَّمَا عَلَيْهِ مَا حُمِّلَ
وَعَلَيْكُم مَّا حُمِّلْتُمْ ۖ وَإِن تُطِيعُوهُ تَهْتَدُوا ۚ وَمَا عَلَى الرَّسُولِ إِلَّا
الْبَلَاغُ الْمُبِينُ ﴿٥٤﴾

**54.** പ്രവാചകൻ ജനങ്ങളെ ഉപദേശിക്കുക: അല്ലാഹുവിനെ അനുസരിക്കുവിൻ. ദൈവദൂതനെയും അനുസരിക്കുവിൻ. നിങ്ങൾ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ അറിഞ്ഞിരിക്കുക: ദൈവദൂതനിൽ ചുമത്തിയ ദൗത്യമെന്താണോ അതിന്റെ ഉത്തരവാദിത്തം മാത്രമേ അദ്ദേഹത്തിനുള്ളൂ. നിങ്ങളിൽ ചുമത്തപ്പെട്ടതിന്റെ ഉത്തരവാദിത്തം നിങ്ങൾക്കു തന്നെയാകുന്നു. ദൈവദൂതനെ പിന്തുടരുന്നുവെങ്കിൽ നിങ്ങൾക്ക് സന്മാർഗം പ്രാപിക്കാം. ദൈവിക സന്ദേശം വ്യക്തമായി എത്തിച്ചുതരുന്നതിൽ കവിഞ്ഞ ഒരുത്തരവാദിത്തവും ദൈവദൂതനിലില്ല.

**54**

قُلْ = നീ പറയുക (പ്രവാചകൻ ജനത്തെ ഉപദേശിക്കുക)

أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ = അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുവിൻ

فَإِن تَوَلَّوْا = നിങ്ങൾ പുറംതിരിഞ്ഞുപോവുകയാണെങ്കിൽ (അറിഞ്ഞിരിക്കുക)

فَإِنَّمَا عَلَيْهِ مَا حُمِّلَ = അദ്ദേഹത്തിനുള്ളത് അദ്ദേഹം വഹിപ്പിക്കപ്പെട്ടതു മാത്രമാകുന്നു

(അറിഞ്ഞിരിക്കുക, അദ്ദേഹം ചുമതലപ്പെടുത്തപ്പെട്ട ദൗത്യത്തിന്റെ ഉത്തരവാദിത്തം മാത്രമേ അദ്ദേഹത്തിനുള്ളൂ)

وَعَلَيْكُم = നിങ്ങൾക്കു(തന്നെ) ആകുന്നു

مَا حُمِّلْتُمْ = നിങ്ങൾ വഹിപ്പിക്കപ്പെട്ടത് (നിങ്ങളെ ചുമതലപ്പെടുത്തിയതിന്റെ ഉത്തരവാദിത്തം)

നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നു (പിന്തുടരുന്നു)വെങ്കിൽ = وَإِنْ تُطِيعُوهُ
تَهْتَدُوا = നിങ്ങൾക്ക് സന്മാർഗം പ്രാപിക്കാം وَمَا عَلَى الرَّسُولِ = ദൈവദൂതനിൽ ഇല്ല
إِلَّا الْبَلَاغُ الْمُبِينُ = (ദൈവിക സന്ദേശം) വ്യക്തമായി എത്തിച്ചുതരികയല്ലാതെ (തരുന്നതിൽകവിഞ്ഞ ഒരുത്തരവാദിത്തവും)

സത്യവിശ്വാസം ഹൃദയാന്തരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാത്ത ബാഹ്യമാത്ര വിശ്വാസികളെയും കപടവിശ്വാസികളെയും ഉണർത്തുകയാണ്: നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കാൻ സന്നദ്ധരാവണം. അതിനു വിസമ്മതിക്കുകയാണെങ്കിൽ, ആ വിസമ്മതം കൊണ്ട് റസൂലിന് ഒരു കുഴപ്പവും വരാനില്ലെന്നും കുഴപ്പം വരാനുള്ളത്, അഥവാ വിനാശഗർത്തത്തിലേക്ക് വഴിയൊരുങ്ങുന്നത് നിങ്ങൾക്കു തന്നെയാണെന്നും ഓർത്തിരിക്കുക. അല്ലാഹു ഏൽപിച്ച സന്ദേശം പ്രവാചകൻ സുവ്യക്തമായ രീതിയിൽ നിങ്ങൾക്ക് കൈമാറിക്കഴിഞ്ഞിരിക്കുന്നു. അതോടെ പ്രവാചകന്റെ ചുമതല തീർന്നു. അദ്ദേഹം കാണിച്ചുതന്ന വഴിയിലൂടെ ബലാൽക്കാരം നിങ്ങളെ നടത്താൻ അദ്ദേഹം ചുമതലപ്പെടുത്തപ്പെട്ടിട്ടില്ല. ആ വഴി സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുക നിങ്ങളുടെ ഇഷ്ടവും സ്വാതന്ത്ര്യവുമാണ്. അതേപ്പറ്റി അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടതും നിങ്ങൾ തന്നെ.

ഗുണകാംക്ഷാനിർഭരമായ ഉപദേശവും താക്കീതും ഒന്നിച്ചുൾക്കൊള്ളുന്നതാണ് وَإِنْ تُطِيعُوهُ تَهْتَدُوا എന്ന വാക്യം. അതായത്, പ്രവാചകനെ പിന്തുടരുന്ന പക്ഷം നിങ്ങൾക്ക് ജീവിതവിജയത്തിന്റെ പാതയിൽ സഞ്ചരിക്കാം. അതിനു തയാറാകുന്നില്ലെങ്കിൽ സ്വന്തം നാശവും പരാജയവും സ്വയം വിളിച്ചുവരുത്തുകയാണ് നിങ്ങൾ ചെയ്യുന്നത്.

പ്രവാചകൻ പൂർത്തീകരിക്കേണ്ട ഉത്തരവാദിത്തം പൂർത്തീകരിച്ചുകഴിഞ്ഞുവെന്നും ഇനി നിങ്ങൾ-പ്രബോധിതർ-പൂർത്തീകരിക്കേണ്ട ഉത്തരവാദിത്തം പൂർത്തീകരിക്കാൻ തയാറാകുന്നില്ലെങ്കിൽ അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടതും തീർച്ചയായും നിങ്ങൾ മാത്രമായിരിക്കുമെന്നും വീണ്ടും ഊന്നിപ്പറയുകയാണ് وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ എന്ന സമാപന വാക്യം. ■